(ഡി) പ്രിന്റ് ചെയ്തതിൽ തെറ്റുകൾ വന്നതുമൂലം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ് റീ പ്രിന്റ് ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ഇ) എല്ലാ ക്ലാസ്സുകളിലേയും എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിനാവശ്യമായ പുസ്തകങ്ങൾ തയ്യാറായിട്ടുണ്ടോ; എങ്കിൽ മുഴുവൻ വിദ്യാർത്ഥികൾക്കും പുസ്തകങ്ങൾ എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ഏതാണ്ട് അന്തിമഘട്ടത്തിലാണ്. 90% പുസ്തകങ്ങളുടെയും വിതരണം ഇതിനകം പൂർത്തീകരിച്ചു കഴിഞ്ഞു. ഏതെങ്കിലും ജില്ലകളെയോ ഉപജില്ലകളെയോ ഒഴിവാക്കിക്കൊണ്ട് വിതരണം നടത്തിയിട്ടില്ല.

(സി) രണ്ട്, മൂന്ന്, നാല്, എട്ട് ക്ലാസ്സുകളിലേക്കുള്ള ഏതാനും പാഠപുസ്തകങ്ങളാണ് ഇനി ബാക്കിയുള്ളത്.

(ഡി) പ്രിന്റ് ചെയ്തതിൽ തെറ്റുകൾ വന്നതുമൂലം ഏതെങ്കിലും പാഠപുസ്തകങ്ങൾ റീ പ്രിന്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഏഴാം ക്ലാസ്സിലെ അറബിക് റീഡർ പുസ്തകത്തിൽ പേജുകൾ ക്രമീകരിച്ചതിൽ പിഴവു സംഭവിച്ചതുമൂലം അച്ചടിച്ച പുസ്തകങ്ങൾ തിരിച്ചെടുത്ത് പുനഃക്രമീകരണം നടത്തേണ്ടതായി വന്നിട്ടുണ്ട്.

(ഇ) ഇല്ല. ചില ടെക്സ്റ്റ് ബുക്ക് ഡിപ്പോകളിൽ കൂടുതൽ ഉള്ള പുസ്തകങ്ങൾ കുറവുള്ള സ്ഥലങ്ങളിലേക്ക് മാറ്റുവാൻ നടപടി എടുത്തുവരുന്നു. ഈ മാസം അവസാനത്തോടെ വിതരണം പൂർത്തിയാവും.

ഹൈസ്കൂളുകളിൽ ഗ്രന്ഥശാല

120 [703] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രന്ഥശാല നിലവിലില്ലാത്ത ഹൈസ്കൂളുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഹൈസ്കൂളുകളിലും കൂടി ഗ്രന്ഥശാല ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഗ്രന്ഥശാല ഉള്ള വിദ്യാലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇങ്ങനെയുള്ള വിദ്യാലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രന്ഥശാലകളില്ലാത്ത ഹൈസ്കൂളുകൾ നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല. പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകർ തന്നെ ലൈബ്രേറിയൻമാരായി പ്രവർത്തിക്കുന്നു.

(ഡി) സാമ്പത്തിക ബാദ്ധ്യതയുള്ളതിനാൽ തൽക്കാലം നിർവ്വാഹമില്ല.

ഒന്നാം ക്ലാസ് പ്രവേശനത്തിന് ജനന സർട്ടിഫിക്കറ്റ്

121 [704] *ശ്രീ. മഞ്ഞളാംകുഴി അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് അദ്ധ്യയന വർഷം മുതൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ ജനന സർട്ടിഫിക്കറ്റ് മൂന്ന് മാസത്തിനകം നൽകണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 16-7-2004-ലെ ജി.ഒ. (ആർ‌ടി.) 3040/04/പൊ.വി. പ്രകാരം സ്കൂൾ പ്രവേശനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജനന സർട്ടിഫിക്കറ്റ് 2004-2005 വർഷം മുതൽ നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മൂന്ന് മാസത്തെ സമയവും അനുവദിച്ചിരുന്നു. 15-6-2005-ലെ ജി. ഒ. (ആർ‌ടി.) 3003/05/പൊ.വി. പ്രകാരം ഈ അദ്ധ്യയന വർഷവും (2005-2006) ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് മൂന്ന് മാസത്തെ സമയം അനവദിച്ചിട്ടുണ്ട്. മാത്രമല്ല പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളെ ഈ അദ്ധ്യയനവർഷം ജനന സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly